# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2567 — 14.02.2013-ൽ മറുപടിക്ക്

## സഞ്ചരിക്കുന്ന ഡെന്റൽ യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്കിടയിൽ ദന്തരോഗങ്ങൾ കൂടുതലാണെന്നതിനാൽ കുട്ടികളിൽ ഓറൽ കാൻസർ പോലുള്ള രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിച്ച് ഭേദമാക്കാനായി, വയനാട് മാതൃകയിൽ, സഞ്ചരിക്കുന്ന ഡന്റൽ യൂണിറ്റുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സ്കൂൾ കുട്ടികൾക്കിടയിൽ കണ്ടുവരുന്ന ദന്തരോഗങ്ങൾ കണ്ടെത്തി ചികിത്സ നൽകുന്നതിനായി ആരോഗ്യവകുപ്പ് എൻ.ആർ.എച്ച്.എം. മുഖേന സഞ്ചരിക്കുന്ന ഡന്റൽ യൂണിറ്റുകൾ തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആരംഭഘട്ടത്തിൽ പിന്നോക്ക ജില്ലകളായ ഇടുക്കി, കാസർകോട് എന്നിവിടങ്ങളിലും 'ഫ്ളൂറോസിസ് ' എന്ന ദന്തരോഗം അധികമായി കണ്ടുവരുന്ന ആലപ്പുഴ, പാലക്കാട് ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) എങ്കിൽ, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ (എൻ..ആർ.എച്ച്.എം.) നേതൃത്വത്തിൽ ഏതൊക്കെ ജില്ലകളിൽ മൊബൈൽ ഡന്റൽ യൂണിറ്റുകൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു ; | (ബി) എൻ.ആർ.എച്ച്.എം. മുഖേന, ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ, ഇടുക്കി, കാസർകോട്, ആലപ്പുഴ, പാലക്കാട് എന്നീ നാല് ജില്ലകളിലാണ് മൊബൈൽ ഡന്റൽ യൂണിറ്റുകൾ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം ഏപ്രകാരമാക്കാനാണ് ഉദ്ദേശിക്കുന്നത് ; പ്രവർത്തനം എപ്പോൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) മൊബൈൽ ഡന്റൽ യൂണിറ്റുകൾ 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി എൻ.ആർ.എച്ച്.എം. പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത യൂണിറ്റുകൾ തുടങ്ങാനാവും എന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) ഒരു മൊബൈൽ ഡന്റൽ യൂണിറ്റിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; ഇപ്രകാരം എത്ര യൂണിറ്റിനാണ് രൂപം നൽകാൻ ഉദ്ദേശിക്കുന്നത് ; ആയതിനായി, ആകെ ചെലവ് വരുന്ന തുക എത്ര ; ഇതിലേയ്ക്ക്, എന്തു തുക സർക്കാർ മാറ്റിവച്ചു ; വിശദമാക്കുമോ ; | (ഡി) ഒരു മൊബൈൽ ഡന്റൽ യൂണിറ്റിൽ ഡന്റൽ സർജൻ - 1; ഡന്റൽ ഹൈജീനിസ്റ്റ് - 1, വാൻ ഡ്രൈവർ - 1, നഴ്സിംഗ് അസിസ്റ്റന്റ് - 1, ഉൾപ്പെടെ 4 ജീവനക്കാരാണുള്ളത്. ഇവർക്ക് നിലവിലുള്ള ശമ്പളത്തിനുപുറമേ, യൂണിറ്റിന് ആവശ്യമായ വാൻ ഉൾപ്പെടെയുള്ള ഡന്റൽ എക്യുപ്മെൻസ്, മറ്റ് ഉപകരണങ്ങൾ ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | യൂണിറ്റ് ഒന്നിന് 20 ലക്ഷം രൂപയാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം 4 ജില്ലകൾക്ക് വേണ്ടി 20x4=80 ലക്ഷം രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത പ്രൊപ്പോസൽ എൻ.ആർ.എച്ച്.എം.-ന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | പ്രസ്തുത സഞ്ചരിക്കുന്ന ഡന്റൽ യൂണിറ്റിന്റെ ഘടന എപ്രകാരമായിരിക്കുമെന്നും ആയതിൽ എപ്രകാരമുള്ള ഹൈടെക് സൗകര്യമുണ്ടായിരിക്കുമെന്നും വ്യക്തമാക്കുമോ ; | (ഇ) | പുതുതായി തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ള മൊബൈൽ യൂണിറ്റിന്റെ ഘടനയും, ഈ യൂണിറ്റിൽ ഉൾപ്പെടുത്തുവാനുള്ള ഹൈടെക് ഉപകരണങ്ങളും മറ്റു സൗകര്യങ്ങളും, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സർക്കാരും, ആരോഗ്യവകുപ്പും കൂടി ചേർന്ന് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (എഫ്) | നിലവിൽ സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ എത്ര ദന്തരോഗ ചികിത്സാ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ? | (എഫ്) | 1. തിരുവനന്തപുരം - 11 യൂണിറ്റ്<br>2. കൊല്ലം - 06 യൂണിറ്റ്<br>3. പത്തനംതിട്ട - 05 യൂണിറ്റ്<br>4. ആലപ്പുഴ - 08 യൂണിറ്റ്<br>5. കോട്ടയം - 05 യൂണിറ്റ്<br>6. ഇടുക്കി - 03 യൂണിറ്റ്<br>7. എറണാകുളം - 09 യൂണിറ്റ്<br>8. തൃശ്ശൂർ - 08 യൂണിറ്റ്<br>9. മലപ്പുറം - 06 യൂണിറ്റ്<br>10. പാലക്കാട് - 05 യൂണിറ്റ്<br>11. കോഴിക്കോട് - 05 യൂണിറ്റ്<br>12. കണ്ണൂർ - 03 യൂണിറ്റ്<br>13. വയനാട് - 04 യൂണിറ്റ്<br>14. കാസർഗോഡ് - 02 യൂണിറ്റ്<br>---------------<br>**ആകെ - 80 യൂണിറ്റുകൾ** |

[signature]

സെക്ഷൻ ഓഫീസർ